# മഹാത്മാഗാന്ധി  ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

[Mahatma Gandhi NREGA Social Audit Society Kerala

(MGNSASK)]

---

*28.12.2022  (ബുധനാഴ്ച) 2 പി.എമ്മിന്*

***ചെയർമാൻ & ജലവിഭവവകുപ്പ് സെക്രട്ടറി ശ്രീ. പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്സിന്റെ അധ്യക്ഷതയിൽ ചേർന്ന***

***14-ാമത്  ഗവേർണിംഗ് ബോഡി യോഗത്തിന്റെ***

# മിനിട്ട്സ്

**2022 ഡിസംബർ 28-ാംതീയതി 2.00 മണിക്ക് ഓൺലൈനായി ചേർന്ന മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരളയുടെ 14-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള യുടെ 14-ാമത് ഗവേർണിംഗ് ബോഡി യോഗം 2022 ഡിസംബർ 28-ാം തീയതി ഉച്ചയ്ക്ക് 2.00 മണിക്ക് ബഹു. ചെയർമാൻ ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്സ്, (സെക്രട്ടറി, ജലവിഭവവകുപ്പ്) അദ്ധ്യ ക്ഷതയിൽ ഓൺലൈനായി ചേരുകയുണ്ടായി. യോഗത്തിന്റെ പങ്കാളിത്തവും നടപടി ക്രമങ്ങളും ചുവടെ ചേർക്കുന്നു.

**ഹാജർ:**

1. ശ്രീ. പ്രണബ് ജ്യോതി നാഥ് ഐ.എ.എസ് (ചെയർമാൻ)
2. ഡോ.എൻ.രമാകാന്തൻ (കൺവീനർ)
3. ശ്രീ. എസ്. രാജേന്ദ്രൻ ( മെമ്പർ)
4. ശ്രീ. എ.എൻ.പ്രഭാകരൻ (മെമ്പർ)
5. ശ്രീ. കെ. അനിമോൻ (മെമ്പർ)
6. ഡോ.ജോയ് ഇളമൺ (ഡയറക്ടർ ജനറൽ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, മെമ്പർ)
7. ശ്രീ. ബിജുക്കുട്ടൻ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പ്രതിനിധി)
8. ശ്രീ. രാഹുൽ (ഡപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ), മെമ്പർ
9. ശ്രീമതി. ബിന്ദു ഗോപിനാഥ് ( അഡീഷണൽ ഡയറക്ടർ,WCD Kerala)

## യോഗ നടപടിക്രമങ്ങളും തീരുമാനങ്ങളും

1. **2022 മെയ് 7-ാംതീയതി ചേർന്ന 13-മത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് വായിച്ച് അംഗീകരിച്ചു.**

2. **2022 മെയ് 7-ാം തീയതി ചേർന്ന 13-ാമത് ഗവേർണിംഗ് ബോഡി യോഗ തീരുമാനങ്ങളിന്മേൽ കൈക്കൊണ്ട നടപടികൾ സോഷ്യൽ ഓഡിറ്റ് ഡയറക്ടർ വിശദീകരിക്കുകയുണ്ടായി. യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ ഇതിന്മേൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയുണ്ടായി.**

   a. സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാനായി ഔദ്യോഗിക അംഗത്തെ നിയമിച്ചുകൊണ്ടുള്ള G.O.Rt. 1000/2022 തീയതി തിരുവനന്തപുരം 21.04.2022 ഉത്തരവ് ഭേദഗതി ചെയ്ത് അനൗദ്യോഗിക അംഗത്തെ നിയമിക്കണമെന്ന 13-ാമത് ഗവേർണിംഗ് ബോഡി തീരുമാനം നടപ്പാക്കണമെന്ന് സർക്കാരിലേക്ക് ഒരിക്കൽ കൂടി ആവശ്യപ്പെടണമെന്ന് തീരുമാനിച്ചു.

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala



PRANABJYOTI NATH IAS
Secretary to Government
Water Resources & CSIND
Government Secretariat
Thiruvananthapuram.

b. സൊസൈറ്റിയുടെ ഗവേർണിംഗ് ബോഡിയുടെ രണ്ട് യോഗങ്ങൾ തമ്മിലുള്ള കാല ദൈർഘ്യം മൂന്ന് മാസത്തിൽ കവിയാതെ ശ്രദ്ധിക്കണമെന്നും ഗവേർണിംഗ് ബോഡി യോഗം കൃത്യമായി വിളിച്ചു ചേർക്കണമെന്നും തീരുമാനിച്ചു.

c. കഴിഞ്ഞ ഗവേർണിംഗ് ബോഡി തീരുമാനങ്ങൾ പ്രത്യേകിച്ച് നിലവിലുണ്ടായിരുന്ന വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെയും ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും ഒഴിവുകൾ നികത്തുന്നതിനും വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനം കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതിനും സോഷ്യൽ ഓഡിറ്റ് ഡയറക്ടർ കൈക്കൊണ്ട നടപടികൾ അഭിനന്ദനാർഹമാണന്ന് യോഗം വിലയിരുത്തി.

3. **സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തന പുരോഗതി വിലയിരുത്തൽ**

**തീരുമാനം:** കഴിഞ്ഞ ഒരു വർഷക്കാലം ലഭ്യമായ റിസോഴ്സ് പേഴ്സൺമാരെ പ്രയോജനപ്പെടുത്തി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെന്ന് യോഗം വിലയിരുത്തുകയുണ്ടായി. പുതുതായി നിയമിക്കപ്പെട്ട വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്തി മുഴുവൻ ഗ്രാമ പഞ്ചായത്തുകളുടെയും സോഷ്യൽ ഓഡിറ്റ് പ്രവർത്തനം 2023 മാർച്ച് മാസം പൂർത്തിയാക്കുന്നതിനും സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കണമെന്നും തീരുമാനിച്ചു.

4. **2022-23 വർഷത്തെ ധനവിനിയോഗം സംബന്ധിച്ച റിപ്പോർട്ട് അംഗീകരിക്കൽ**

**തീരുമാനം:** 2022 ഏപ്രിൽ മുതൽ നവംബർ വരെയുള്ള സൊസൈറ്റിയുടെ വരവ്-ചെലവ് കണക്കുകൾ യോഗം വിലയിരുത്തുകയും അംഗീകരിക്കുകയും ചെയ്തു. 2022-23 വർഷത്തെ ബാക്കിയുള്ള രണ്ട് ഗഡുക്കൾ ലഭിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ ചുമതലപ്പെടുത്തി. 2021-22 സാമ്പത്തിക വർഷം സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്കായി കേരള ഗവൺമെന്റ് ഉത്തരവിൻ പ്രകാരം അഡ്വാൻസായി അനുവദിച്ചു കിട്ടിയ മൂന്ന് കോടി രൂപ തുടർന്ന് കേന്ദ്ര ഗവൺമെന്റിൽ നിന്നും സോഷ്യൽ ഓഡിറ്റ് ഫണ്ട് ലഭിക്കുന്നതനുസരിച്ച് മൂന്ന് തുല്ല്യ ഗഡുക്കളായി തിരികെ നൽകുന്നതിന് യോഗം തീരുമാനിച്ചു.

5. **വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ നിയമനത്തിന് അംഗീകാരം നൽകൽ**

**തീരുമാനം:** സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിൽ ഒഴിവുകൾ ഉണ്ടായിരുന്ന 450 വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ നിയമനത്തിനായി 03.08.2022-ൽ ചേർന്ന സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനം ഗവേർണിംഗ് ബോഡി യോഗം അംഗീകരിച്ചു.

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

PRANABJYOTI NATH IAS
Secretary to Government
Water Resources & CSIND
Government Secretariat
Thiruvananthapuram.

6. **വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനം സംബന്ധിച്ച റിപ്പോർട്ട്**

**തീരുമാനം:** പുതുതായി സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിൽ നിയമിച്ച 450 വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് ഒമ്പത് മേഖലാ കേന്ദ്രങ്ങളിൽ വച്ച് സംഘടിപ്പിച്ച പരിശീലനം കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞുവെന്ന് യോഗം വിലയിരുത്തുകയുണ്ടായി.

7. **ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനുള്ള അംഗീകാരം**

**തീരുമാനം:** സംസ്ഥാനത്തെ ഒമ്പത് ജില്ലകളിലെ നിലവിലുണ്ടായിരുന്ന ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവുകളിലേക്ക് മത്സരപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് യോഗം അംഗീകരിച്ചു. പ്രസ്തുത ജില്ലകളിലെ ഒഴിവുകളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരെ 2023 ജനുവരി ആദ്യവാരത്തോടെ നിയമിക്കുന്നതിനും ഇവർക്ക് പരിശീലനം നൽകുന്നതിനും സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി. ബാക്കിയുള്ള കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ഡയറക്ടറെ യോഗം ചുമതലപ്പെടുത്തുകയുണ്ടായി.

8. **സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ ഓഫീസിന്റെ ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ**

**തീരുമാനം:** അക്കൗണ്ടന്റ് ജനറലിന്റെ 2017-18, 2018-19, 2019-20 വർഷത്തെ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച ആഡിറ്റ് റിപ്പോർട്ടിന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് യോഗം ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി.

9. **സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ വേതന വിതരണത്തിനുള്ള മാനദണ്ഡം പുതുക്കി നിശ്ചയിക്കൽ**

**തീരുമാനം:** സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ, പബ്ലിക് ഹിയറിംഗ് ഉൾപ്പെടെയുള്ള സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് ഓരോ വാർഡിലേയും ഗ്രാമസഭകൾ പൂർത്തിയാക്കുന്നതനുസരിച്ച് വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് വേതനവിതരണം നടത്തുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി അതത് വാർഡിൽ ചെലവഴിച്ച തുകകൂടി കണക്കിലെടുക്കണമെന്ന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വേതന വിതരണത്തിന് താഴെപ്പറയുന്ന മാനദണ്ഡം സ്വീകരിക്കേണ്ടതാണ്. ഓരോ വാർഡിലും

- ആറ് ലക്ഷത്തിൽ താഴെ വരുന്ന പ്രവൃത്തികൾക്ക് പരമാവധി 5 പ്രവൃത്തി ദിനങ്ങൾ
- ആറ് ലക്ഷത്തിനു മുകളിൽ പത്ത് ലക്ഷം വരെ പരമാവധി 6 പ്രവൃത്തി ദിനങ്ങൾ
- പത്ത് ലക്ഷത്തിനുമുകളിൽ പതിനഞ്ച് ലക്ഷം വരെ പരമാവധി 7 പ്രവൃത്തി ദിനങ്ങൾ
- പതിനഞ്ച് ലക്ഷത്തിനുമുകളിൽ ഇരുപത് ലക്ഷം വരെ പരമാവധി 8 പ്രവൃത്തി ദിനങ്ങൾ
- ഇരുപത് ലക്ഷത്തിനുമുകളിൽ പരമാവധി 9 പ്രവൃത്തി ദിനങ്ങൾ

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala



PRANABJYOTI NATH IAS
Secretary to Government
Water Resources & CSIND
Government Secretariat
Thiruvananthapuram.

എന്നാൽ യാത്രാ സൗകര്യങ്ങൾ അപര്യാപ്തമായതും എത്തിച്ചേരുന്നതിന് ക്ലേശകരവുമായ മലയോര പ്രദേശങ്ങളിൽ ഓരോ വാർഡിനും ഒന്നോ രണ്ടോ പ്രവൃത്തി ദിനങ്ങൾ അധികമായി അനുവദിക്കാവുന്നതാണ്.

10. **സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനുള്ള ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ കാലാവധി ദീർഘിപ്പിക്കൽ**

**തീരുമാനം:** സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ 2022-23 സാമ്പത്തിക വർഷത്തെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനുള്ള ചുമതല ആർ.വെങ്കിടാചലം ആന്റ് അസോസിയേറ്റ് എന്ന സ്ഥാപനത്തിന് ഒരു വർഷത്തെയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചു.

11. **പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ (പി.എം.എ.വൈ-ജി) പൈലറ്റ് സോഷ്യൽ ഓഡിറ്റ് നടപ്പാക്കൽ**

**തീരുമാനം:** പി.എം.എ.വൈ.-ജി പദ്ധതിയുടെ പൈലറ്റ് സോഷ്യൽ ഓഡിറ്റ് തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്കിൽ നടപ്പാക്കുന്നതിനായി ഇതിനകം നടത്തിയ പ്രവർത്തനങ്ങളിന്മേൽ യോഗം സംതൃപ്തി രേഖപ്പെടുത്തുകയും പൈലറ്റ് സോഷ്യൽ ഓഡിറ്റ് പ്രവർത്തനം 2023 ഫെബ്രുവരിയോടെ പൂർത്തിയാക്കുന്നതിനും തീരുമാനിച്ചു.

12. **സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ കൺകറന്റ് സോഷ്യൽ ഓഡിറ്റ് വേതന കുടിശ്ശിക വിതരണം സംബന്ധിച്ച്.**

**തീരുമാനം:** ഇതുസംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ സംഘടനാ പ്രതിനിധികളുടെ നിവേദനം സർക്കാരിലേക്ക് ലഭിക്കുകയും ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതിനായി ബഹു. അഡീഷണൽ ചീഫ് സെക്രട്ടറിയെ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ തീരുമാനത്തിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

13. **സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് വിധേയമാക്കുന്നതിന് "ക്യാഷ് അക്കൗണ്ടിംഗ്" സമ്പ്രദായം സ്വീകരിക്കുന്നതിനുള്ള അനുമതി**

**തീരുമാനം:** സോഷ്യൽ ഓഡിറ്റ് സൊസൈറ്റി പൂർണ്ണമായും കേന്ദ്ര സർക്കാർ ഫണ്ടിനെ ആശ്രയിച്ചു പ്രവർത്തിക്കുന്നതിനാലും "ക്യാഷ് അക്കൗണ്ടിംഗ്" സമ്പ്രദായം സ്വീകരിക്കുന്നതിൽ അപാകത ഇല്ലായെന്ന് ഡപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെടുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ വരവ്-ചെലവ് കണക്കുകൾ "ക്യാഷ് അക്കൗണ്ടിംഗ്" രീതി അനുസരിച്ച് തുടരുന്നതിന് യോഗം അനുമതി നൽകുകയുണ്ടായി.

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

PRANABJYOTI NATH IAS
Secretary to Government
Water Resources & CSIND
Government Secretariat
Thiruvananthapuram.

14. **വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ഏകദിന പുനഃപരിശീലനം സംബന്ധിച്ച്**

**തീരുമാനം:** വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്കായി ഇതിനകം ഒമ്പത് ജില്ലകളിൽ നടപ്പാക്കിയ പരിശീലനത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചും നിർവ്വഹണത്തെ സംബന്ധിച്ചും യോഗം വിലയിരുത്തുകയും സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. ബാക്കി അഞ്ച് ജില്ലകളിൽ കൂടി ഇത്തരം പരിശീലനം പൂർത്തിയാക്കണമെന്നും റിസോഴ്സ് പേഴ്സൺമാർക്ക് നിരന്തരമായ കാര്യപ്രാപ്തി വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്നും തീരുമാനിക്കുകയുണ്ടായി.

15. **സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ സോഷ്യൽ ഡെവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റിന്റെ കാലാവധി പൂർത്തിയാക്കിയതു സംബന്ധിച്ചും പുതിയ നിയമനം സംബന്ധിച്ചും**

**തീരുമാനം:** സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ കഴിഞ്ഞ അഞ്ച് വർഷക്കാലമായി സേവനമനുഷ്ഠിച്ചുവരുന്ന സോഷ്യൽ ഡെവല്പ്പമെന്റ് സ്പെഷ്യലിസ്റ്റിന്റെ കാലാവധി പൂർത്തിയാക്കിയ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ സേവന കാലാവധി അവസാനിപ്പിച്ച നടപടി യോഗം അംഗീകരിച്ചു. അതോടൊപ്പം അക്കൗണ്ട്സ് ഓഫീസറായി പ്രൊഫഷണൽ എംപ്ലോയ്മെന്റിലൂടെ നിയമിച്ചയാളുടെ കാലാവധി ആറ് മാസം പൂർത്തിയാക്കിയ സാഹചര്യത്തിലും പ്രവർത്തനക്ഷമതയിൽ മികവ് തെളിയിക്കുന്നതിന് കഴിയാത്ത സാഹചര്യത്തിലും അക്കൗണ്ട്സ് ഓഫീസറുടെ കാലാവധി അവസാനിപ്പിച്ച നടപടിയും യോഗം അംഗീകരിച്ചു.

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിൽ നിലവിലുള്ള സോഷ്യൽ ഡെവലപ്പമെന്റ് സ്പെഷ്യലിസ്റ്റ്, സോഷ്യൽ ഓഡിറ്റ് എക്സ്പെർട്ട്, അക്കൗണ്ട്സ് ഓഫീസർ, ജില്ലാ റിസോഴ്സ് പേഴ്സൺ എന്നീ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നതിനും നിയമന നടപടികൾ പൂർത്തിയാക്കുന്നതിനും യോഗം ഡയറക്ടറെ ചുമതലപ്പെടുത്തി.

16. **ചെയർമാൻ അനുവദിച്ച മറ്റ് കാര്യങ്ങൾ**

1. **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ സംബന്ധിച്ച്**

   **തീരുമാനം:** സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ യോഗം വിലയിരുത്തുകയും ഇതു സംബന്ധിച്ച വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും മിഷൻ ഡയറക്ടറുടെയും തുടർനടപടികൾക്കായി നൽകുന്നതിനും തീരുമാനിച്ചു.

**Dr. N. RAMAKANTAN**
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

**PRANABJYOTI NATH IAS**
Secretary to Government
Water Resources & CSIND
Government Secretariat
Thiruvananthapuram.

2. **സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിക്കൽ**

**തീരുമാനം:** സോഷ്യൽ ഓഡിറ്റ് യൂണിറ്റുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്ന വിവിധ തലങ്ങളിലുള്ള റിസോഴ്സ് പേഴ്സൺമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഡയറക്ടർ തയ്യാറാക്കി നൽകിയ മാർഗ്ഗരേഖയ്ക്ക് ഗവേർണിംഗ് ബോഡിയോഗം അംഗീകാരം നൽകി. പ്രസ്തുത മാർഗ്ഗരേഖ ബന്ധപ്പെട്ട മുഴുവൻ പേർക്കും ലഭ്യമാക്കണമെന്നും യോഗം തീരുമാനിച്ചു.

യോഗം കൃത്യം 4.30-ന് അവസാനിച്ചു.

**ഡോ .എൻ.രമാകാന്തൻ**
ഡയറക്ടർ
എസ്.എ.യു.കേരള

**പ്രണബ് ജ്യോതിനാഥ് ഐ.എ.എസ്**
ചെയർമാൻ, ഗവേർണിംഗ് ബോഡി എസ്.എ.യു കേരള
ജലവിഭവവകുപ്പ് സെക്രട്ടറി.

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
★ (Govt. of Kerala) ★